

NEROLAC
HEALTHY HOME PAINTS

# J.M. Paint & Paints

**N.H.183, Near Post Office**
**Ponkunnam**

*Dealers in:- Nerolac Colour Solutions,*
*Esdee Computrised Paints,*
*Asian Paints*




കഴിഞ്ഞ 31 വർഷക്കാലമായി കോട്ടയം ജില്ലയിൽ വീടിന്റെയും വാഹനങ്ങളുടെയും വിവിധയിനം പെയിന്റുകൾ വിശ്വസ്തതയോടെ വില്പന നടത്തിക്കൊിരിക്കുന്ന ഏക പാർട്ട്ണർഷിപ്പ് സ്ഥാപനം.

ഉപഭോക്താക്കളുടെ ഇഷ്ടാനുസരണം പ്രമുഖ കമ്പിനികളുടെ വിവിധ കളറുകൾ കമ്പ്യൂട്ടറൈസ്ഡ് മിക്സിങിലൂടെ നൽകിവരുന്നു.

**Ph:- 04828 - 221802, 9061196182 (Shop)**
**9447324165, 9447227836 ( Resi)**

# ഉള്ളടക്കം


| | | |
|---|---|---|
| മുഖമൊഴി | – | 2 |
| ഇടയമൊഴി | – | 3 |
| വിളക്ക് | – | 5 |
| ഇടവക വിശേഷങ്ങളിലൂടെ | – | 7 |
| നിയമബോധനം | – | 13 |


## എഡിറ്റോറിയൽ ബോർഡ്


| | | | |
|---|---|---|---|
| മാനേജിംഗ് എഡിറ്റർ | - ഫാ. ജോസഫ് വെള്ളമറ്റം | - | 9447867873 |
| ചീഫ് എഡിറ്റർ | - ഫാ. സിറിയക് മാത്തൻകുന്നേൽ | - | 9744173375 |
| സബ് എഡിറ്റേഴ്സ് | - റോബിൻ കട്ടിക്കാരൻ | - | 9446602386 |
| | - വർഗീസ് മുതുപ്ലാക്കൽ | - | 9446201068 |
| കമ്മറ്റി അംഗങ്ങൾ | - ജസ്റ്റിൻ ആലഞ്ചേരിൽ | | |
| | അജേഷ് പനയ്ക്കൽ | | |
| | സൂസൻ വെട്ടിക്കൊമ്പിൽ | | |
| | കിറ്റിൻ ഗോൾഡ്ഹിൽ | | |
| | കുസുമം ഗോൾഡ്ഹിൽ | | |
| | മരിയ മടുക്കക്കുഴി | | |



Published by : The Vicar, Holy Family Forane Church,
Ponkunnam. Ph: 04828- 221368
web: www.holyfamilychurchpkm.com

Layout & Printing: **General Offset** PNKM Ph: 222564, 9495496974

## മുഖമൊഴി

കാലയവനികയ്ക്കുള്ളിൽ 2016 - മാണ്ട് ഓർമ്മ യായി മാറുകയാണ്. പിറന്നുവീണ മറ്റൊരു പുലരിയും ഇനിയും പിറക്കാനിരിക്കുന്ന പുലരികളും ഒരു പുനർജന്മത്തിനായി നമ്മെ ആഹ്വാനം ചെയ്യുന്നു. വീണ്ടുമുള്ള ഈ ജനനത്തിന്റെ സാധ്യതയെക്കുറിച്ച് പണ്ടൊരിക്കൽ നിക്കൊദേമോസ് സംശയം പ്രകടിപ്പിച്ചു. എന്നാൽ ക്രിസ്ത്യാനികളായ നമ്മെ സംബന്ധിച്ചിടത്തോളം ഈ സംശയത്തിനിനി വകയില്ല. കാരണം, കർത്താവ് വചനത്തിലൂടെ അതിനുത്തരം നൽകികഴിഞ്ഞിരിക്കുന്നു.

പുതുവർഷത്തിന്റെ ആരംഭത്തിൽ ദനഹായുടെ ചൈതന്യത്തിൽ സ്നാപകന്റെ ദൗത്യവും കർത്താവിന്റെ ജ്ഞാനസ്നാനവും ചിന്തനീയമാണ്. വഴിയൊരുക്കിയവന്റെ മനോഭാവം നമ്മെയും നയിക്കട്ടെ. തന്റെ പിന്നാലെ വരുന്നവനെക്കുറിച്ച് കരുതലുള്ളവനു മാത്രമേ വഴിയൊരുക്കാൻ മനസ്സുണ്ടാവൂ. കരുതലിന്റെ ഈ മനോഭാവം പുതുവർഷചൈത്യന്യമായ നമ്മിൽ നിറയട്ടെ. ഈശോ തന്റെ മാമ്മോദീസാ വേളയിൽ പരിശുദ്ധാത്മാവിനെ സ്വീകരിച്ചതുപോലെ വിലയ്ക്കു വാങ്ങപ്പെട്ടവരായ നമ്മളും ഈ ആത്മാവിൽ വീണ്ടും ജനിച്ചവരാണ്. പുതുജനനത്തിനുശേഷം മരുഭൂമി അനുഭവമാണുള്ളതെന്ന് കർത്താവിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. മരുഭൂമി അനുഭവത്തെ അതിജീവിക്കുന്നതിലാണ് ആത്മീയവളർച്ച. ഈ ദനഹാക്കാലത്തിൽ മരുഭൂമിയിൽ തളരാതെ പ്രകാശമായ കർത്താവിലൂടെ വളരാൻ ആത്മാവ് നമ്മെ ശക്തരാക്കട്ടെ.






## അത്താഴം നമുക്കൊന്നിച്ച് കഴിച്ചാലോ ?

ഈശോയിൽ പ്രിയ സഹോദരരേ,

2017 ന്റെ പുലരിയിലേക്ക് നമ്മെ നയിച്ച നല്ല ദൈവത്തിന് സന്തോഷപൂർവ്വം നന്ദിയർപ്പിക്കാം. പുതുവത്സരാരംഭം പുതിയ തുടക്കങ്ങളുടെയും പുത്തൻ തീരുമാനങ്ങളുടെയും കാലമാണല്ലോ?

ജോലിത്തിരക്കിനിടയിലും സന്ധ്യയ്ക്ക് കുടുംബാംഗങ്ങൾ ഒന്നിച്ച് കുറച്ചുസമയമെങ്കിലും പ്രാർത്ഥിക്കുകയും വേദപുസ്തകം തുറന്ന് വായിക്കുകയും ചെയ്യുന്ന പാരമ്പര്യമാണ് നമുക്കുള്ളത്. പ്രാർത്ഥനാഗീതങ്ങളും തിരുവചനവും മുഴങ്ങുന്ന ഗൃഹങ്ങളിൽ നിന്ന് സാത്താൻ പലായനം ചെയ്യും. കുടുംബപ്രാർത്ഥനയ്ക്ക് എത്രസമയം നീക്കിവയ്ക്കണമെന്ന് ഓരോ കുടുംബത്തിന്റെയും സാഹചര്യമനുസരിച്ച് നിശ്ചയിക്കാവുന്നതാണ്. പഠിക്കുന്ന കുട്ടികളുള്ള ഭവനങ്ങളിൽ അത് 25 മിനിറ്റിലധികം നീളാതിരിക്കുകയാണ് നല്ലത്.

സന്ധ്യാപ്രാർത്ഥനയെത്തുടർന്ന് നേരെ ടി.വിയിലേയ്ക്കും മൊബൈലിലേയ്ക്കും തിരിയാതെ കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്ന് അല്പസമയം സംഭാഷണത്തിൽ ഏർപ്പെടുന്നത് കുടുംബബന്ധങ്ങളെ ഊഷ്മളവും സുദൃഢവുമാക്കും. കുടുംബസദസ് എന്ന് നമുക്കതിനെ വിളിക്കാം. ഓരോരുത്തരുടെയും അതതു ദിവസത്തെ അനുഭവങ്ങളും വിശേഷങ്ങളും

പങ്കുവയ്ക്കാം. അടുത്ത ദിവസങ്ങളിലെ കാര്യങ്ങളെക്കുറിച്ചുള്ള ആലോചനയുമാകാം. കുഞ്ഞുങ്ങൾക്കും അവരുടെ ആശയങ്ങളും അഭിലാഷങ്ങളും പങ്കുവയ്ക്കാനുണ്ടാകുമല്ലോ.

അത്താഴത്തിന് കുടുംബാംഗങ്ങൾ എല്ലാവരും ഒന്നിച്ചായിരിക്കുക താരതമ്യേന എളുപ്പമാണല്ലോ. എല്ലാവർക്കും വിളമ്പിയശേഷം ചുറ്റിലുമിരുന്ന് കുടുംബാംഗങ്ങൾ കൈ കോർത്തുപിടിച്ച് ഒരു 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' ഒന്നിച്ചുചൊല്ലി ദൈവത്തിന് നന്ദിയർപ്പിച്ചശേഷം ഭക്ഷിക്കുന്നത് എത്ര ആനന്ദകരമായിരിക്കും? അപ്പനമ്മമാരുടെ കരംപിടിച്ച് അത്താഴമേശയ്ക്കലിരുന്ന് അത്യുന്നതനെ വാഴ്ത്തിയശേഷം ഭക്ഷിച്ചതിന്റെ ഓർമ്മ മക്കളുടെ മനസ്സിൽ മായാതെ നില്ക്കുമെന്നതിന് സംശയമില്ലല്ലോ.

പുത്തനാണ്ടിൽ നമുക്ക് അങ്ങനെയൊരു തീരുമാനത്തിലേയ്ക്കെത്താം. പ്രാർത്ഥനയും സംഭാഷണവും ഒന്നിച്ചുള്ള അത്താഴവും നമ്മുടെ കുടുംബാന്തരീക്ഷത്തെ കൂടുതൽ വിശുദ്ധവും സ്നേഹോഷ്മളവുമാക്കട്ടെ. ടി.വിയും മൊബൈലും കുറെനേരം നിശബ്ദത പാലിച്ച് നമ്മോട് സഹകരിക്കട്ടെ.

പുതുവത്സരം എല്ലാവർക്കും കൃപയും അനുഗ്രഹവും നിറഞ്ഞതായിരിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹത്തോടെ

ഫാ. ജോസഫ് വെള്ളമറ്റം

വികാരിയച്ചൻ

# വിളക്ക്

**ഫാ. സിറിയക്**
മാത്തൻകുന്നേൽ



നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ് എന്ന കർത്താവിന്റെ വചനം എന്നും നമ്മോട് സംസാരിക്കുന്നുണ്ട്. മാമ്മോദീസാ മുതൽ ക്രിസ്ത്യാനി കേൾക്കുന്ന ആശംസയും അനുഗ്രഹ വചസ്സുമാണ് നീ ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പും ആകണം എന്നത്. നീതിസൂര്യനായ ക്രിസ്തുവിന്റെ പ്രകാശം ലോകത്തിൽ വന്നതിനെ അനുസ്മരിക്കുന്ന കാലമാണ് ദനഹാ.

ഉദയം, പ്രത്യക്ഷവത്കരണം, ആവിഷ്കാരം, വെളിപാട് എന്നെല്ലാം അർത്ഥം വരുന്ന 'ദനഹാ' കാലത്തിൽ ജോർദ്ദാൻ നദിയിൽ വച്ച് ഈശോയുടെ മാമ്മോദീസാ വേളയിൽ ആരംഭിച്ച അവിടുത്തെ പ്രത്യക്ഷവത്കരണമാണ് അനുസ്മരിക്കപ്പെടുന്നത്. ഈശോ സ്വയം വെളിപ്പെടുത്തുകയും പിതാവും, പരി.ആത്മാവും അതു സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.

വെളിപ്പെടുത്തപ്പെട്ട മിശിഹാരഹസ്യത്തെ തങ്ങളുടെ ജീവിതത്തിലൂടെ സാക്ഷ്യപ്പെടുത്തിയ വിശുദ്ധരെ ദനഹാകാലത്തെ വെള്ളിയാഴ്ചകളിൽ അനുസ്മരിക്കുന്നു. നമുക്കും കിട്ടിയിരിക്കുന്നത് ഈ വിളിയാണ് പ്രകാശം ആകാനുള്ള വിളി. വീട്ടിൽ കുരിശുവരയ്ക്കുന്ന കുടുംബം കത്തിക്കുന്ന

ഒരു പ്രകാശമുണ്ട് - എനിക്ക് ഇന്ന് എല്ലാം തന്നത് ദൈവമാണ് എന്ന് അടുത്ത തലമുറയ്ക്ക് കൊടുക്കുന്ന വിശ്വാസം. വീട്ടിൽ പരസ്പരം കാര്യങ്ങൾ തുറന്ന് സംസാരിക്കുന്ന കുടുംബാംഗങ്ങൾ കത്തിക്കുന്ന പ്രകാശമുണ്ട് - ദൈവം യോജിപ്പിച്ച് വളർത്തുന്നവർ സ്നേഹത്തിൽ കൈകോർക്കണം. കരുതുന്ന സ്നേഹം കാട്ടുന്ന അപ്പൻ കൊടുക്കുന്ന സുരക്ഷിതത്ത്വവും, ബഹുമാനിക്കുന്ന അമ്മ കാട്ടുന്ന മാതൃകയും, അനുസരിക്കുന്ന മക്കൾ അനുഭവിക്കുന്ന സ്വാതന്ത്ര്യവും കത്തിച്ച് ലോകത്തിൽ നൽകുന്ന ഒരു പ്രകാശമുണ്ട് - ഞങ്ങളുടെ ഭവനം തിരുക്കുടുംബമാണ്. കർത്താവ് പറഞ്ഞു: വിളക്ക് കത്തിച്ച് പീഠത്തിന്മേൽ വയ്ക്കണം, അത് മലമുകളിൽ പ്രകാശം നൽകും. സ്നേഹത്തിലും വിശ്വാസത്തിലും പ്രത്യാശയിലും മുന്നേറിക്കൊണ്ട് നമ്മുടെ ഓരോ ഭവനവും പ്രകാശം പരത്തട്ടെ.

സ്നേഹത്തോടെ

**ഫാ. സിറിയക് മാത്തൻകുന്നേൽ**
(കൊച്ചച്ചൻ)

**ഏവർക്കും**

# പുതുവത്സരാശംസകൾ



## വിശേഷ ദിവസങ്ങൾ

| | | |
|---|---|---|
| ജനുവരി | 06 – | ദനഹാത്തിരുനാൾ |
| | 13 – | വി. യോഹന്നാൻ മാംദാന |
| | 20 – | വി. പത്രോസ് പൗലോസ് ശ്ലീഹന്മാർ |
| | 26 – | വി. തിമോത്തയോസും തീത്തൂസും |
| | 27 – | വി. സുവിശേഷകന്മാർ |
| | 28 – | വി. തോമസ് അക്വീനാസ് |
| | 31 – | വി. ജോൺ ബോസ്കോ |
| ഫെബ്രുവരി | 03 – | വി. എസ്തപ്പാനോസ് |
| | 6, 7, 8 – | മൂന്നു നോമ്പ് |
| | 17 – | സുറിയാനി സഭാപിതാക്കന്മാർ |
| | 24 – | സകല മരിച്ചവരുടെയും ഓർമ്മ |

## സൺഡേ സ്കൂൾ

1. വിശ്വാസ പരിശീലകർക്കുവേണ്ടി രൂപതാതലത്തിൽ നടത്തിയ അദ്ധ്യാപക ക്വിസ് മത്സരത്തിൽ മൂന്നാം സമ്മാനം നേടിയ ബിന്ദു റ്റിജോ തേക്കുംതോട്ടത്തിനും മരിയ ജോർജ്ജ് മടുക്കക്കുഴിയ്ക്കും അഭിനന്ദനങ്ങൾ.

2. സൺഡേസ്ക്കൂളിൽ 7-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി രൂപതാ തലത്തിൽ നടത്തുന്ന നില

യ്ക്കൽ തീർത്ഥാടനം ജനുവരി 26 ന് നടത്തപ്പെടുന്നതാണ്.

3. സൺഡേസ്ക്കൂൾ അദ്ധ്യാപകർക്കുവേണ്ടി രൂപതാ കേന്ദ്രത്തിൽ നിന്നു നടത്തുന്ന പ്രത്യേക പരിശീലന പരിപാടിയായ 'കാവൽ വിളക്ക്' ഡിസംബർ 18 ന് നമ്മുടെ ഇടവകയിൽ വച്ച് നടന്നു.

4. സൺഡേസ്ക്കൂളിൽ 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ വാർഷിക പരീക്ഷയും 4 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള സ്കോളർഷിപ്പ് പരീക്ഷയും ഫെബ്രുവരി 12-ാം തീയതി നടത്തുന്നതാണ്.

*റോബിൻ കട്ടിക്കാരൻ (ഹെഡ്മാസ്റ്റർ)*



## സി.വൈ.എം.എ.

1. ജനമൈത്രി പോലീസുമായി സഹകരിച്ച് ഡിസംബർ 18-ാം തീയതി സി.വൈ.എം.എ അംഗങ്ങൾ ശബരിമല തീർത്ഥാടകർക്ക് ചുക്കുകാപ്പി വിതരണം ചെയ്തു. അതിൽ 30 ൽപരം അംഗങ്ങൾ പങ്കെടുത്തു.
2. സി.വൈ.എം.എ നേതൃത്വം നല്കുന്ന ഈ വർഷത്തെ ഇടവകതിരുനാളിന്റെ ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു.
3. ഇടവകതിരുനാളിനോടനുബന്ധിച്ച് നടത്തുന്ന കട അലങ്കാര മത്സരത്തിന് സി.വൈ.എം.എ നേതൃത്വം നല്കും.

**സെക്രട്ടറി, റ്റിജോ തേക്കുംതോട്ടം**

## ചെറുപുഷ്പ മിഷൻലീഗ്

1. ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങൾ പള്ളിപ്പരിസരം ക്ലീൻ ചെയ്തു.
2. ക്രിസ്തുമസ് സമുചിതമായി ആഘോഷിച്ചു.

**ഷെറി മോളോപ്പറമ്പിൽ (ഓർഗനൈസർ)**

## വിൻസെൻഷ്യൻ വേദി

ചികിത്സാസഹായമായി 4600 രൂപയും വിദ്യാഭ്യാസസഹായമായി 5600 രൂപയും വസ്ത്രസഹായമായി 900 രൂപയും നൽകി.

**സെക്രട്ടറി, തോമസ് നരിതൂക്കിൽ**

## മാതൃവേദി

പൊൻകുന്നം ഫൊറോന മാതൃവേദിയുടെ ഫൊറോന വാർഷികം 20-12-2016 ചൊവ്വാഴ്ച അൽഫോൻസ അജപാലന ഹാളിൽ വച്ച് നടത്തി. ഫൊറോനായിലെ വിവിധ ഇടവകകളിൽ നിന്ന് വന്നവർക്ക് ഉച്ചഭക്ഷണം തയ്യാറാക്കി നൽകി.

**സെക്രട്ടറി, ബിന്ദു റ്റിജോ തേക്കുംതോട്ടം**

## യുവദീപ്തി

1. <u>സത്യപ്രതിജ്ഞ ചെയ്തു</u>

2016- 17 പ്രവർത്തന വർഷത്തിലേയ്ക്ക് പുതിയതായി തിരഞ്ഞെടുത്ത ഭരണസമിതി വികാരി ഫാ. ജോസഫ് വെള്ളമറ്റത്തിൽ അച്ചന്റെയും, കൊച്ചച്ചൻ ഫാ. സിറിയക് മാത്തൻകുന്നേൽ അച്ചന്റെയും നേതൃത്വത്തിൽ സത്യപ്രതിജ്ഞ ചൊല്ലി അധികാരമേറ്റു.

2. <u>ഉത്സവ് 2016 -കെ.സി.വൈ.എം സ്റ്റേറ്റ് കലോത്സവം</u>

മൂവാറ്റുപുഴയിൽ വെച്ചു നടന്ന കെ.സി.വൈ.എം. യുവദീപ്തി ഉത്സവ് 2016 കലാമത്സരങ്ങളിൽ കാഞ്ഞിരപ്പള്ളി രൂപതയെ പ്രതിനിധീകരിച്ച് പൊൻകുന്നം ഹോളി ഫാമിലി യുവദീപ്തി ടീം പങ്കെടുക്കുകയും യുവദീപ്തി ആന്തത്തിന് എ ഗ്രേഡോടുകൂടി 2-ാം സ്ഥാനം കരസ്ഥമാക്കുകയും സമൂഹഗാനത്തിന് എ ഗ്രേഡോടുകൂടി 5-ാം സ്ഥാനവും കരസ്ഥമാക്കുകയും ചെയ്തു.

***വിജയികളായവർ:***

1) അമൽ ജോഷി മുത്തിയപാറ, 2) സെബാസ്റ്റ്യൻ പുത്തൻവീട്ടിൽ, 3) ചിപ്പി വട്ടപ്പാറ, 4) ബിൻസി കുമ്പളന്താനം, 5) അലീന മുത്തിയപാറ, 6) റിനു കുന്നേൽ, 7) ഹന്ന തകടിയേൽ

3. <u>ഡെപ്യൂട്ടി പ്രസിഡന്റായി തിരഞ്ഞെടുത്തു.</u>

പൊൻകുന്നം ഫൊറോന യുവദീപ്തിയുടെ 2016-17 പ്രവർത്തനവർഷത്തിലേക്കുള്ള പുതിയ ഭരണസമിതിയുടെ തിരഞ്ഞെ

ടുപ്പിൽ ഡെപ്യൂട്ടി പ്രസിഡന്റ് സ്ഥാനത്തേക്ക് പൊൻകുന്നം ഇടവകയിൽ നിന്നും ശ്രീ ജിത്തു ജോസ് തേക്കും തോട്ടം തിരഞ്ഞെടുക്കപ്പെട്ടു.

## 4. കൈത്താങ്ങ്

യുവദീപ്തി അംഗങ്ങൾ എല്ലാവരും ക്രിസ്മസ്സിനോടനുബന്ധിച്ച് ക്രിസ്മസ് ഫ്രണ്ടിനെ തിരഞ്ഞെടുക്കുകയും അതിൽ നിന്നും ഗിഫ്റ്റ് ആയി ലഭിച്ച സോപ്പുകൾ ശേഖരിച്ച് ആശ്രമത്തിന് നൽകുകയും ചെയ്തു.

## 5. ക്രിസ്തുമസ് ആഘോഷം നടത്തി

യുവദീപ്തിയുടെ ക്രിസ്മസ് ആഘോഷം 18-12-2016 ഞായറാഴ്ച കൊച്ചച്ചൻ ഫാ.സിറിയക് മാത്തൻകുന്നേലിന്റെ നേതൃത്വത്തിൽ നടത്തി. ഫാ. തോമസ് ഈറ്റോലിൻ ക്രിസ്തുമസ് സന്ദേശം നൽകി.

## 6. ക്രിസ്തുമസ് കരോൾ

ഡിസം. 21, 22, 23 തീയതികളിൽ ക്രിസ്തുമസ് സന്ദേശവുമായി യുവജനങ്ങൾ ഇടവകയിൽ ക്രിസ്തുമസ് കരോൾ നടത്തി.

## 7. ക്രിസ്തുമസ് കിറ്റ്

നിർധനരായ 30 കുടുംബങ്ങൾക്ക് മിഷ്യൻ ലീഗുമായി സഹകരിച്ച് പലചരക്ക് സാധനങ്ങൾ അടങ്ങിയ കിറ്റ് വിതരണം ചെയ്തു.

## 8. ശാന്തിദൂത് 2016

ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശവുമായി യുവജനങ്ങൾ ചേർന്ന് ഡിസംബർ 25-ാം തീയതി പാതിര കർബ്ബാനനക്കുശേഷം ശാന്തിദൂത് 2016 കലാപരിപാടി അവത

രിപ്പിച്ചു.

**9. പുൽക്കൂട് നിർമ്മിച്ചു**

ശ്രീ ഔസേപ്പച്ചൻ പൂലാനിമറ്റത്തിന്റെ നേതൃത്വത്തിൽ യുവദീപ്തി അംഗങ്ങൾ പുൽക്കൂട് നിർമ്മിച്ചു.

*അഖിൽ കൊല്ലമല (സെക്രട്ടറി)*



## നമ്മൾ ഒന്നായി

1. വർഗീസ് - ഏലി പടിയറ
2. അജേഷ് - ബ്ലെസി പനയ്ക്കൽ



## തിരുസ്സഭയിലെ നവസൂനങ്ങൾ

1. മരിയ കടപ്പൂര്
2. ആന്റണി കടപ്പൂര്
3. മറിയം മുണ്ടയ്ക്കൽ
4. അന്ന വട്ടയ്ക്കാട്ട്

## ഓർമ്മകളിലേയ്ക്ക്

1. ജെനറ്റ് തോമസ് തേക്കുംതോട്ടം
2. സി. പൊസേന്തി കാപ്പുകാട്ടിൽ
3. സി. ആനി ജോസ് നഗരൂർ

## നിയമബോധനം

## അത്യാവശ്യം അറിഞ്ഞിരിക്കേ നിയമങ്ങൾ

ബോബൻ മണ്ണാറാത്ത്
അഡ്വക്കേറ്റ് & നോട്ടറി പബ്ലിക്ക്, പൊൻകുന്നം
9447525615

### ആദായ നികുതി സംബന്ധിച്ച്

സാമ്പത്തിക അരാജകത്വങ്ങൾ വിവിധ സാമൂഹ്യ തലങ്ങളിൽ നിന്നും ഉന്മൂലനം ചെയ്യുന്നതിന് നികുതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. അതിൽ ഇൻകംടാക്സ് അഥവാ ആദായനികുതിക്ക് പ്രാധാന്യം ഉള്ളതാണ്. കാരണം സെയിൽടാക്സ്, എക്സൈസ് ഡ്യൂട്ടി എന്നതൊക്കെയും ഇൻഡയറക്റ്റ് ടാക്സ് ആണ്. എന്നാൽ ആദായനികുതി ഡയറക്ടറ്റ് ടാക്സും. സാമ്പത്തിക അസമത്വങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിൽ ഇൻകംടാക്സിന് വലിയ റോൾ ഉണ്ട്. രാജ്യത്തിന്റെ സാമ്പത്തിക ആവശ്യങ്ങളനുസരിച്ച് ഇൻകംടാക്സിന്റെ റേറ്റുകൾ കൂടിയും കുറഞ്ഞും ഇരിക്കുന്നതാണ്. ഇതനുസരിച്ച് കേന്ദ്ര ഫൈനാൻസ് മിനിസ്റ്റർ ബഡ്ജറ്റ് അവതരിപ്പിക്കുന്നു.

ഇൻകംടാക്സ് ഈടാക്കുന്നത് വരുമാനത്തിനെആശ്രയിച്ചാണ്. ക്യാപിറ്റലിനെ അടിസ്ഥാനമാക്കിയല്ല. ഉദാഹരണത്തിന് ഒരു വസ്ത്ര നിർമ്മാണശാലയിലെ മെഷീനറി ക്യാപ്പിറ്റൽ ആയി കണക്കാക്കുന്നു. ആ വസ്ത്ര നിർമ്മാണശാലയിൽ ഉൽപാദിപ്പിച്ച് വിൽക്കുന്ന തുണിത്തരങ്ങളിൽ നിന്നും ലഭിക്കുന്ന ആദായത്തിന് ടാക്സ് ഈടാക്കുന്നു. ക്യാപിറ്റലിന്മേൽ ആദായനികുതിയില്ല. കൃഷിയിടങ്ങളിൽ നിന്നുമുള്ള വരുമാനം ഇൻകംടാക്സ് പരിധിയിൽ വരുന്നില്ല. ഇത് സംസ്ഥാനങ്ങളുടെ അധികാരത്തിൽ വരുന്നതാണ്. കേരളത്തിൽ നിലവിൽ കാർഷികാദായത്തിന് നികുതി ഇല്ല. കൃഷിയിൽ നിന്നുമുള്ള വരുമാനം എന്നതുകൊണ്ടുദ്ദേശിക്കുന്നത് കൃഷി നടത്തുന്നതിനുവേണ്ടി കൊടുത്തിരിക്കുന്ന വസ്തുവിന് ഉടമക്കു ലഭിക്കുന്ന വാടകയോ പാട്ടമോ, കൃഷി ഇറക്കി അതിൽ നിന്നും കൃഷിക്കാരനു ലഭിക്കുന്ന ആദായമോ ആകാം. സ്വന്തം ഭൂമിയിൽ വളർത്തുന്ന പശുക്കളിൽ നിന്നും ലഭിക്കുന്ന ആദായവും ഒഴിവാക്കപ്പെട്ടിട്ടുള്ളതാണ്. എന്നാൽ വാണിജ്യാടി സ്ഥാനത്തിൽ, മറ്റുള്ളവർ വളർത്തുന്ന പശുക്കളിൽ നിന്നും വിലകൊടുത്തു വാങ്ങിക്കുന്ന പാൽ വിറ്റു ലഭിക്കുന്ന ആദായം കൃഷിയിൽ നിന്നും ലഭിക്കുന്ന ആദായമായി പരിഗണിക്കില്ല..

ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി നിലകൊള്ളുന്ന ആശുപത്രികളിൽ നിന്നുള്ള വരുമാനവും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനവും നിബന്ധനകൾക്ക് വിധേയമായി ഇൻകംടാക്സിന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതാണ്.

പള്ളികൾക്കും മറ്റു മതസ്ഥാപനങ്ങൾക്കും ലഭിക്കുന്ന സംഭാവനകളും മറ്റും ഇൻകം ആയിട്ടു പരിഗണിക്കുന്നുണ്ടെങ്കിലും പ്രത്യേക അംഗീകാരം വാങ്ങിച്ചാൽ ആ തുകകൾക്ക് ടാക്സ് നൽകേണ്ടതില്ല. ഇൻകംടാക്സ് ഓരോ വ്യക്തികളുടെയും വാർഷിക വരുമാനത്തെ ആശ്രയിച്ചാണ് കണക്കാക്കുന്നത്. എന്നാൽ ഹിന്ദുക്കളുടെ കൂട്ടുകുടംബസംവിധാനങ്ങളിൽ കർത്താ/ മാനേജർ നെ ഒരു വ്യക്തിയായി കണക്കാക്കുന്നതാണ്. ശബളം, വാടക വരുമാനം, ബിസിനസ്/തൊഴിലിൽ നിന്നുമുള്ള അറ്റാദായം, മൂലധനലാഭം, പലിശ ഇതര വരുമാനങ്ങൾ എന്നിവയാണ് മൊത്തം വരുമാനമായി കണക്കാക്കുന്നത് . ഇൻഷുറൻസ് പ്രീമിയം, ഭവന വായ്പ, തിരച്ചടയൽ/പലിശ, കുട്ടികളുടെ ട്യൂഷൻ ഫീസ്, എന്നിവയ്ക്കും മൊത്തം വരുമാനം കണക്കാക്കുന്നതിന് പ്രത്യേക കിഴിവുകൾ ലഭിക്കുന്നതാണ്. നിലവിൽ 60 വയസ്സിൽ താഴെയുള്ള വ്യക്തികൾക്ക് 2.50,000/- രൂപവരെയും, 60 വയസിനു മുകളിലുള്ള വ്യക്തികൾക്ക് 3,00,000/- രൂപ വരെയും, 80 വയസ്സിനു മുകളിലുള്ളവർക്ക് 5,00,000/- രൂപ വരെയും നികുതി നൽകേണ്ടതില്ല. നിലവിലുള്ള നികുതി നിരക്ക്

| | | |
|---|---|---|
| 2,50,000/3,00,000/5,00,000 രൂപ വരെ | - | 0% |
| 5,00,000 രൂപ വരെ | - | 10% |
| 5,00,000 മുതൽ 10,00,000 വരെ | - | 20% |
| 10,00,000 നു മുകളിൽ | - | 30% |

കൂടാതെ നികുതിയുടെ 3 % സെസ്സ് കൂടി നൽകേണ്ടതാണ്.

ഇൻകംടാക്സ് സംബന്ധിച്ച് 6 അധികാരസ്ഥാപനങ്ങളാണ് ഉള്ളത്. സെൻട്രൽ ബോർഡ് ഓഫ് ഡയറകറ്റ് ടാക്സ്സ് , ഡയറക്ടേഴ്സ് ഓഫ് ഇൻകംടാക്സ്, കമ്മീഷണേഴ്സ് & അഡീഷണൽ കമ്മീഷണേഴ്സ്, അസി. കമ്മീഷണേഴ്സ്, ഇൻകംടാക്സ് ഓഫീസേഴ്സ്, ഇൻകംടാക്സ് ഇൻസ്പെക്ടർമാർ, ജുഡിഷ്യൽ അധികാരികളായി അപ്പീലുകളുടെ ഇൻകംടാക്സ് കമ്മീഷണറും അപ്പലേറ്റ് ട്രൈബ്യൂണലുമാണുള്ളത്.

ഇതിൽ ഇൻകംടാക്സ് കമ്മീഷണർ ആണ് ഡിപ്പാർട്ട്മെന്റിന്റെ തലവൻ, ഇദ്ദേഹത്തിന് ജുഡിഷ്യൽ അധികാരം കൂടി ഉണ്ട്. ഇൻകംടാക്സ് ഓഫീസർമാരുടെ ഉത്തരവുകൾക്കെതിരെ അപ്പീലുകൾ ഫയൽ ചെയ്യേണ്ടത് കമ്മീഷണർ (അപ്പീൽസ്) മുമ്പാകെയാണ് അദ്ദഹത്തിന്റെ ഉത്തരവുകൾക്കെതിരെ അപ്പലേറ്റ് ട്രൈബ്യൂണൽ മുൻപാകെ ടി ഉത്തരവ് ചലഞ്ച് ചെയ്യാവുന്നതാണ്.

ഡയറക്ടർ ഓഫ് ഇൻകംടാക്സ് ആന്റ് കമ്മീഷണർ ഓഫ് ഇൻകംടാക്സിന്റെ നിർദ്ദേശമനുസരിച്ച് ശരിക്കുള്ള വരുമാനം അനുസരിച്ച് ടാക്സ് കൊടുക്കുന്നില്ലെന്നു അനുമാനിക്കാവുന്ന വ്യക്തികളുടെ മേലും, സ്ഥാപനങ്ങളിലും നേരിട്ടു പരിശോധനകൾ നടത്തുന്നതിനും രേഖകൾ പിടിച്ചെടുക്കുന്നതിനും കീഴുദ്യോഗസ്ഥർക്ക് അധികാരമുള്ളതാണ് തുടർന്ന് അവർ അധികാരപരിധിയിലുള്ള ആഫീസർക്ക് 15 ദിവസങ്ങൾക്കകം പിടിച്ചെടുക്കുന്ന രേഖകളും അക്കൗണ്ട് ബുക്കുകളും മറ്റും കൈമാറുന്നതുമാണ്. പിടിച്ചെടുക്കപ്പെട്ടയാളുടെ വാദങ്ങളും കൂടി കേട്ടശേഷം 120 ദിവസങ്ങൾക്കകമായി ആ നടപടിയിന്മേൽ തീരുമാനം എടുക്കണമെന്നാണ് ചട്ടം. പിടിച്ചെടുക്കപ്പെട്ട തീയതി മുതൽ 180 ദിവസങ്ങൾ വരെ പ്രസ്തുത രേഖകൾ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്റെ ആഫീസിൽ സൂക്ഷിക്കാവുന്നതാണ്. അതിനുശേഷം ഡിപ്പാർട്ടുമെന്റ് നടപടികൾ ഒന്നും ഇല്ലെങ്കിൽ ബഹു. ഹൈക്കോടതി മുമ്പാകെ റിട്ട് പെറ്റീഷൻ നൽകുന്നതിന് അസസിക്ക് അവകാശമുള്ളതാണ്.

വിദേശത്തു ജോലി ചെയ്യുന്ന സമയത്തുള്ള വരുമാനവും അവിടെ ലഭിക്കുന്ന കമ്മ്യൂട്ട് ചെയ്ത പെൻഷൻ തുകയും, വർക്ക്മെൻസ് കോംപൻസേഷൻ പ്രകാരം ലഭിക്കുന്ന തുകയുടെ അനുവദനീയ തുകയും പ്രൊവിഡന്റ് ഫണ്ടും മറ്റും ഇൻകംടാക്സിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതാണ്.

ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റിൽ നിന്നും നമുക്ക് നമ്മുടെ ഇൻകം സംബന്ധിച്ചുള്ള വിവരങ്ങൾ നൽകണമെന്നാവശ്യപ്പെട്ട് നോട്ടീസ് ലഭിച്ചാൽ 30 ദിവസങ്ങൾക്കകം നമ്മുടെ റിട്ടേൺസ് കൊടുക്കുന്നതിന് നിയമേന നാം ബാദ്ധ്യസ്ഥരാണ്. ചാർട്ടേർഡ് അക്കൗണ്ടന്റുമാരുമായി ആലോചിച്ച് ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റുമായുള്ള ഇടപാടുകൾ നടത്തുന്നതാണ് ഉചിതം.

കൃഷിയിൽ നിന്നുമുള്ള വരുമാനത്തിന് ഇൻകംടാക്സ് കൊടുക്കേണ്ടതില്ല എന്ന മുകളിൽ വിശദീകരിച്ചിട്ടുണ്ടെങ്കിലും സർക്കാർ അതതുകാലങ്ങളിൽ നിശ്ചയിച്ചിട്ടുള്ള പരിധികൾക്കടുത്തുള്ള തുക വരുമാനമുള്ളവർ അവരുടെ വാർഷിക റിട്ടേൺസിൽ കൃഷിയിൽ നിന്നുള്ള വരുമാനം കൂടി കാണിക്കുന്നതു തന്നെയാണ് ഇനിയുള്ള കാലങ്ങളിൽ ഉചിതം.

യൂണിക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ ഏതാനും നാളുകൾക്കു മുൻപ് നമ്മുടെ ഓരോരുത്തരുടെയും ഡീറ്റയിൽസ് എടുത്തു കൈവിരലുകളുടെയും കണ്ണിന്റെയും ഒക്കെ വിവരങ്ങൾ എടുത്തും, ഫോട്ടോയെടുത്തും ആദാർ കാർഡിനുള്ള വിവരങ്ങൾ സമ്പാദിച്ചു. ആധാർ കാർഡ് എല്ലാത്തിന്റെയും അടിസ്ഥാന രേഖയാക്കി. ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റ് പാൻകാർഡു നൽകുവാൻ തുടങ്ങി, 50,000/- രൂപയിൽ കൂടുതലുള്ള ഇടപാടുകൾക്ക് പാൻ നമ്പർ കാണിക്കണമെന്ന നിർദ്ദേശവും വന്നു. ബാങ്കിംഗ്

റഗുലേഷൻ ആക്ട് ബാധകമായ ബാങ്കുകൾ ഒക്കെയും ഇടപാടുകാരന്റെ മേൽപ്പറഞ്ഞ ഡീറ്റയിൽസ് ഒക്കെ കളകറ്റ് ചെയ്തു. സ്റ്റേറ്റ് ഗവൺമെന്റിന്റെ മേൽനോട്ടത്തിൽ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്ന കോ- ഓപ്പറേറ്റീവ് സെക്ടറിലുള്ള പല ബാങ്കുകളും കെ.വൈ.സി നടപ്പാക്കണമെന്ന നിർദ്ദേശം പാലിച്ചില്ല. സമ്പാദ്യശീലവും അനുകരണഭ്രമവുമുള്ള സാധാരണ മലയാളി പൗരൻ ഏറ്റവും എളുപ്പത്തിൽ സമ്പാദ്യത്തിനും മറ്റുമായി ഈ ബാങ്കുകളുടെ സേവനം വിനിയോഗിച്ചു.

ശ്വാസം വലിക്കുവാൻ പോലും സമയം തരാതെ നമ്മുടെ കറൻസിയുടെ 84% ഒരൊറ്റ രാത്രികൊണ്ട് പിൻവലിക്കുകയും കോ- ഓപ്പറേറ്റീവ് സെക്ടറിനു മൂക്കുകയർ ഇടുകയും ചെയ്തപ്പോൾ ഒരു പരിധിയിലുള്ള ഡിപ്പോസിറ്റേഴ്സ് എങ്കിലും വിചാരിച്ചു കാണും നിയമങ്ങൾ പാലിക്കാതെ വന്നതുകൊണ്ടുള്ള പൊല്ലാപ്പുകളെപ്പറ്റി.

നോൺകറൻസി പോളിസി, ഇന്ത്യ പോലുള്ള മഹാ രാജ്യത്ത് ഫലപ്രദമായി നടപ്പിലാക്കുവാൻ പ്രയാസമായിരിക്കും എന്നു വിശ്വസിക്കുന്ന ഈ ലേഖകന് വായനക്കാരായ നിങ്ങളോരോരുത്തരോടും പറയുവാനുള്ളത് വരും കാലങ്ങളിൽ നമുക്കെല്ലാവർക്കും പാൻകാർഡും, എ.റ്റി.എം. കാർഡുകളും ഉണ്ടായിരിക്കുന്നത് നന്നെന്നും, കറൻസി കഴിവതും ഒഴിവാക്കി വിനിമയങ്ങൾ നടത്തുന്നതിന് പരിശീലിക്കണമെന്നുമാണ്.

നാം രാഷ്ട്രത്തിനു വേണ്ടി ജീവിക്കണം, നമ്മുടെ മാതൃരാജ്യത്തോടും ജനിച്ച മണ്ണിനോടും, വീടിനോടും ഉള്ള പ്രതിബദ്ധത നമുക്കുണ്ടായിരിക്കണം, ടാക്സ് നൽകണം, അപ്രകാരം രാഷ്ട്ര പുനനിർമ്മാണത്തിൽ നാം ഭാഗമാകണം ഇതൊരു പൗരന്റെ കടമയാണ്.

പൗരൻ രാജ്യനന്മക്കുവേണ്ടി നിലകൊള്ളേണ്ടതും, പൗരന്റെ നന്മക്കുവേണ്ടി രാജ്യത്തിന് ചിലവിടുന്നതിന് വരുമാനം വേണ്ടതുമാണ്.

അടുത്ത ബഡ്ജറ്റിൽ ഒരു പക്ഷെ ഇൻകംടാക്സ് 21/2 ലക്ഷം രൂപയിൽ നിന്നും 4 ലക്ഷം രൂപയാക്കി വരുമാനപരിധി വർദ്ധിപ്പിക്കുന്നതിനും 4 ലക്ഷം മുതൽ 10 ലക്ഷം വരെ 10% വും 10 മുതൽ 15 വരെ 15% ഉം 15 മുതൽ 20 ലക്ഷം വരെ 20% 20 ലക്ഷത്തിനു മുകളിൽ 30% ആക്കുന്നതിന് സാദ്ധ്യതയുണ്ടെന്ന് CNDC TV 18 റിപ്പോർട്ടു ചെയ്തതായി അറിയുന്നു.

*(For Private Circulation among Parisheners only)*



പൗരോഹിത്യ സ്വീകരണത്തിന്റെ

30-ാം വാർഷികം ആഘോഷിച്ച

നമ്മുടെ പ്രിയ ബഹു. വികാരിയച്ചന്

എല്ലാവിധ പ്രാർത്ഥനാശംസകളും



Oasis Leisure Tours
എയർ ടിക്കറ്റ്
ട്രെയിൻ ടിക്കറ്റ്
ബസ് ടിക്കറ്റ്
വിസിറ്റിംഗ് വിസ
ഹൗസ് ബോട്ട് ബുക്കിംഗ്
പാസ്പോർട്ട്
ടൂർ പാക്കേജ്
DAILY TRIPS TO BANGALORE, CHENNAI
എല്ലാ വെള്ളിയാഴ്ചകളിലും വേളാങ്കണ്ണി തീർത്ഥാടനം
Kalappurackal Building, P.P. Road, Ponkunnam
04828 222416,09447 356651